(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ തുടർ വിദ്യാഭ്യാസ പദ്ധതിയ്ക്ക് കേരള സംസ്ഥാന സാക്ഷരതാമിഷനും സ്റ്റേറ്റ് റിസോഴ്സ് സെന്ററും ജില്ലാതലത്തിൽ ജില്ലാ ലിറ്ററസി മിഷനുമാണ് നേതൃത്വം നൽകുന്നത്.

(ഇ) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്ലാന്റേഷൻ ടാക്സ് നൽകേണ്ട തോട്ടങ്ങൾ

1 (4280) ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. അച്യുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ ടാക്സ് നൽകേണ്ടതായിട്ടുള്ള എത്ര തോട്ടങ്ങൾ ഉണ്ട് ;

(ബി) ഇതിൽ പുട്ടിയിടപ്പെട്ട തേയില തോട്ടങ്ങൾ എത്ര ;

(സി) ഈ ഇനത്തിൽ എത്ര കുടിശ്ശിക കിട്ടാനുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 5304 തോട്ടങ്ങൾ.

(ബി) 11 എണ്ണം.

(സി) 1,14,36,356 രൂപ കുടിശ്ശികയിനത്തിൽ കിട്ടാനുണ്ട്.

ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2 (4281) ശ്രീ. കെ. അച്യുതൻ :
ശ്രീമതി മേഴ്സി രവി :
ശ്രീമതി മലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽഡിംഗ് ടാക്സ് ഇനത്തിൽ കഴിഞ്ഞ വർഷം എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചെന്ന് പറയാമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ടാക്സ് പിരിച്ചെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ മാനദണ്ഡങ്ങളനുസരിച്ചാണ് ടാക്സ് പിരിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) നികുതിക്ക് വിധേയമാകുന്ന കെട്ടിടങ്ങൾ ഉയർന്ന അധികാരികളുടെ പരിശോധനയ്ക്ക് വിദേശമാക്കാറുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്താറുണ്ടോ ;

(എഫ്) തൊട്ടുമുൻവർഷം എത്ര ക്രമക്കേടുകൾ കണ്ടെത്തി ;

(ജി) അതിന്റെ ഫലമായി എന്ത് തുക അധികമായി ഈടാക്കുവാൻ കഴിഞ്ഞു ?

ഉത്തരം

(എ) 3721.22 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 1975-ലെ കേരള കെട്ടിട നികുതി നിയമം, 1992-ലെ പ്ലിൻത് ഏരിയ നിയമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നികുതി പിരിച്ചെടുക്കുന്നത്. ടി നിയമങ്ങൾ പ്രകാരം 100 ചതുരശ്രമീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള താമസത്തിനുപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും 50 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള താമസേതര കെട്ടിടങ്ങൾക്കും നിശ്ചിത നിരക്കിൽ നികുതി ഈടാക്കി വരുന്നു. കൂടാതെ വകുപ്പ് 5 (എ) പ്രകാരം 278.7 ചതുരശ്രമീറ്ററോ ഇതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ള 1-4-1999-നോ അതിനുശേഷമോ നിർമ്മാണം പൂർത്തിയാക്കിയ താമസത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രതിവർഷം 2000 രൂപ നിരക്കിൽ ആഡംബര നികുതിയും ഈടാക്കി വരുന്നുണ്ട്.

(സി) തഹസിൽദാർ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും സംശയമുള്ള കേസുകളിൽ ഡെപ്യൂട്ടി തഹസിൽദാരെക്കൊണ്ട് പുനഃപരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) അഞ്ച് ക്രമക്കേടുകൾ കണ്ടെത്തി.

(ജി) 1,37,781 രൂപ അധികമായി ഈടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly